പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 624 05.06.2018 ലെ മറുപടിക്ക്

ഇക്കോ ഫ്രണ്ട് ലി യോഗാ മാറ്റ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കേരള ബ്രാന്റ് ഇക്കോ ഫ്രണ്ട് ലി യോഗ മാറ്റ് ആലപ്പുഴയിലെ ഫാം മാറ്റിംഗ്സ് പുറത്തിറക്കിയിട്ടുണ്ടോ ? എങ്കിൽ അതിന്റെ വിപണനം പ്രോത്സാഹജനകമാണോ ; | എ) പുറത്തിറക്കിയിട്ടുണ്ട്. വിപണനം പ്രോത്സാഹജനകമാണ്. |
| ബി) ഏത് ബ്രാന്റിലാണ് പ്രസ്തുത യോഗ മാറ്റ് പുറത്തിറക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | ബി) **"ഫോമിൽ - ആരോഗ്യ"** എന്ന ബ്രാൻഡിൽ ആണ് യോഗാമാറ്റ് പുറത്തിറക്കിയിരിക്കുന്നത്. |
| സി) വിദേശങ്ങളിൽ പോലും യോഗയ്ക്ക് പ്രാധാന്യം കിട്ടുന്ന സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് യോഗ മാറ്റുകൾ നിർമ്മിക്കുന്നതിനും കൂടുതൽ വിദേശ വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനി പങ്കെടുക്കുന്ന എല്ലാ വ്യാപാര മേളകളിലും യോഗാ മാറ്റ് പ്രദർശിപ്പിച്ചുവരുന്നു. ഇ-മെയിൽ മുഖാന്തിരവും ടെലഫോൺ വഴിയും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കൂടുതൽ യോഗാമാറ്റുകൾ നിർമ്മിക്കുന്നതിനും വിദേശ വിപണി കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ